**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **29.06.2012 ൽ**

**ചോദ്യം നമ്പർ.4557** **മറുപടിയ്ക്ക്**

# അയ്യൻകാളി തൊഴിലുറപ്പ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കോടിയേരി ബാലകൃഷ്ണൻ** | **ശ്രീ. കെ.സി. ജോസഫ്**<br>**(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| എ) | മുൻ സർക്കാരിന്റെ കാലത്ത് തുടങ്ങിവെച്ച അയ്യൻകാളി തൊഴിലുറപ്പ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ടോ; | എ) | ഉണ്ട്. |
| ബി) | പ്രസ്തുത പദ്ധതിയുടെ പ്രാരംഭ പ്രവർത്തനം എന്ന നിലയിൽ എന്തെല്ലാം നടപടികളാണ് പൂർത്തീകരിച്ചതെന്ന് വെളിപ്പെടുത്താമോ; | ബി) | 13.09.2010 ലെ സർക്കാർ ഉത്തരവ് (കൈ) നം.210/2010/തസ്വഭവ പ്രകാരം, 2010 നവംബർ 1 മുതൽ സംസ്ഥാനത്തെ എല്ലാ നഗര സ്ഥാപനങ്ങളിലും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു. 03.11.2010 ലെ സർക്കാർ ഉത്തരവ് (കൈ) നം.252/2010/തസ്വഭവ പ്രകാരം, പദ്ധതി പ്രവർത്തനക്ഷമമാക്കുന്നതിനാവശ്യമായ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. പദ്ധതിയുടെ നിർവ്വഹണത്തിനായി നഗരസഭ/ജില്ല/സംസ്ഥാന തലങ്ങളിൽ ചുമതലക്കാരെ നിശ്ചയിച്ചിരുന്നു. മുൻസിപ്പാലിറ്റി/കോർപ്പറേഷനുകളിൽ സെക്രട്ടറി/അഡി. സെക്രട്ടറിമാരെ സഹായിക്കാനായി ഓവർസിയർ, അക്കൗണ്ടന്റ്-കം-ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനും അനുവാദം നൽകിയിരുന്നു. ഇതിനാവശ്യമായ ഫണ്ട് ജില്ലകൾക്ക് ലഭ്യമാക്കിയിരുന്നു. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രചാരണ പ്രവർത്തനങ്ങളും സ്റ്റേക്ക് ഹോൾഡേഴ്സിനാവശ്യമായ പരിശീലന പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം പ്രകാരം തൊഴിലാളികളുടെ പേര് രജിസ്റ്റർ ചെയ്യുന്നതിനും തൊഴിൽ കാർഡ് തയ്യാറാക്കുന്നതിനുമുള്ള സോഫ്റ്റ്വെയർ വികസിപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | **പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കാമോ;** | സി) | നഗരപ്രദേശങ്ങളിൽ വസിക്കുന്ന അവിദഗ്ദ്ധ കായികാദ്ധ്വാനത്തിന് തയ്യാറുള്ള ഓരോ കുടുംബത്തിലേയും പ്രായപൂർത്തിയായ അംഗങ്ങൾക്ക് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസം തൊഴിൽ ഉറപ്പാക്കുകയും അതിലൂടെ ജീവിത സുരക്ഷ ഉറപ്പാക്കലുമാണ് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ലക്ഷ്യം. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മാതൃകയിൽ പദ്ധതി നടപ്പിലാക്കുകയാണ് ഉദ്ദേശ്യം. |
| ഡി) | **പ്രസ്തുത പദ്ധതിയ്ക്ക് കേന്ദ്ര സർക്കാർ അംഗീകാരം ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് ലഭ്യമായില്ല എന്ന് വെളിപ്പെടുത്താമോ;** | ഡി) | ഇല്ല. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി സംസ്ഥാന സർക്കാർ പദ്ധതിയാണ് |
| ഇ) | **അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വെളിപ്പെടുത്താമോ; ഇല്ലെങ്കിൽ എന്തെല്ലാം കാരണങ്ങളാലാണെന്ന് വിശദമാക്കാമോ?** | ഇ) | ഉണ്ട്.<br>സംസ്ഥാനത്തെ വിവിധ ജില്ലകളിലെ 60 മുൻസിപ്പാലിറ്റികളിലും 5 കോർപ്പറേഷനുകളിലുമാണ് ഈ പദ്ധതി നടപ്പിലാക്കാനായി ഉദ്ദേശിച്ചിരുന്നത്. പദ്ധതിയുടെ സംസ്ഥാന തല നിർവ്വഹണ ചുമതല 31.03.2012 വരെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മിഷൻ ഡയറക്ടർക്കായിരുന്നു. 01.04.2012 മുതൽ നഗരകാര്യ ഡയറക്ടർക്ക് ചുമതല കൈമാറിയിട്ടുണ്ട്. ജില്ലാതലത്തിൽ, പദ്ധതിയുടെ കോർഡിനേറ്റർമാരായി ജില്ലാ കളക്ടർമാരെയും മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ തലത്തിൽ സെക്രട്ടറി/ അഡി:സെക്രട്ടറിമാരെ നിർവ്വഹണ ഉദ്യോഗസ്ഥൻമാരായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവരെ സഹായിക്കാനായി തിരുവനന്തപുരം, കോഴിക്കോട് കോർപ്പറേഷനുകളിൽ 2 ഓവർസിയർമാർ 3 അക്കൗണ്ടന്റ്-കം-ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരെയും മറ്റ് നഗരങ്ങളിൽ ഒരു ഓവർസിയർ,അക്കൗണ്ടന്റ്-കം-ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരെയും നിയമിക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ടായിരുന്നു.<br>2010-11 സാമ്പത്തിക വർഷം, ജി.ഒ (ആർ.റ്റി) നം.91/2011/തസ്വഭവ തീയതി; 10.01.2011 സർക്കാർ ഉത്തരവ് പ്രകാരം, 5 കോടി രൂപ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും അനുവദിച്ചിരുന്നു. ഈ തുകയിൽ നിന്നും 3,42,89,000/- രൂപ വിവിധ ജില്ലകൾക്കായി സംസ്ഥാന തൊഴിലുറപ്പ് മിഷൻ ഡയറക്ടർ വിതരണം ചെയ്തിരുന്നു. 2011-12 സാമ്പത്തിക വർഷം, തൃശ്ശൂർ ജില്ലയുടെ വർദ്ധിച്ച ആവശ്യവും പണിയെടുത്ത തൊഴിലാളികൾക്ക് കൂലിയിനത്തിലുള്ള ബാധ്യതയും പരിഗണിച്ച് പ്രസ്തുത ജില്ലയ്ക്ക് രണ്ട് ഗഡുക്കളായി 78.50 |

ലക്ഷം രൂപ കൂടി അനുവദിച്ചിരുന്നു. നടപ്പു സാമ്പത്തിക വർഷം പദ്ധതിയ്ക്കായി 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

എല്ലാ ജില്ലകളിലും പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രചാരണ പ്രവർത്തനങ്ങളും പരിശീലന പരിപാടികളും സംഘടിപ്പിച്ചിരുന്നു. 2011-12 സാമ്പത്തിക വർഷം, തൃശ്ശൂർ, എറണാകുളം എന്നീ ജില്ലകളിലെ നഗരസഭാ സ്ഥാപനങ്ങളിലെ 3663 കുടുംബങ്ങൾക്ക് ഈ പദ്ധതി പ്രകാരം തൊഴിൽ നൽകാൻ കഴിഞ്ഞു. 2010-11 സാമ്പത്തിക വർഷം ലഭിച്ച പദ്ധതി തുകയിൽ നിന്നും വിവിധ ജില്ലകൾക്ക് അനുവദിച്ച തുകയും ചെലവും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. പ്രാരംഭ പ്രവർത്തനങ്ങൾ, ഭരണചെലവ് എന്നീ ഇനങ്ങളിലാണ് മിക്ക ജില്ലകളിലും ചെലവ് തന്നിട്ടുള്ളത്)

| **ജില്ല** | **പദ്ധതി നടപ്പിലാക്കിയ നഗരസഭകളുടെ എണ്ണം** | **അനുവദിച്ച തുക (രൂപയിൽ)** | **ചെലവ് (ലക്ഷത്തിൽ)** |
|---|---|---|---|
| തിരുവനന്തപുരം | 4 | **32,64,000** | 10.78 |
| കണ്ണൂർ | 0 | 31,92000 | 8.64 |
| എറണാകുളം | 9 | **59,41,000** | 37.15 |
| കോട്ടയം | 4 | 18,92,000 | 14.32 |
| തൃശ്ശൂർ | 7 | 11681000* | 106.1776 |
| കാസർഗോഡ് | 3 | 15,06,000 | 9.96 |
| കോഴിക്കോട് | 0 | 21,92,000 | 0.10532 |
| കൊല്ലം | 4 | 21,09,000 | 20.00 |
| ഇടുക്കി | 0 | 4,70,000 | 1.50 |
| വയനാട് | 1 | 3,86,000 | 3.60 |
| പാലക്കാട് | 4 | 20,000,00 | 1.72 |
| പത്തനംതിട്ട | 0 | 13,38,000 | 5.48 |
| ആലപ്പുഴ | 5 | 24,82,000 | 17.97 |
| മലപ്പുറം | 0 | 36,86,000 | 14.72 |
| | 41 | 42139000 | 252.12292 |

* തൃശ്ശൂർ ജില്ലയ്ക്ക് 78.50 രൂപ 2011-12 വർഷം നൽകിയിരുന്നു.

**സെക്ഷൻ ഓഫീസർ**